**കേരള സർക്കാർ**

**നം.358/ ഡി.എ 2/ 2018- തസ്വഭവ**
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 02.07.2018.

**സർക്കുലർ**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-ബഹു. ഹൈക്കോടതി മുമ്പാകെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷിയാക്കി ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ, കോടതിയിൽ ഹാജരാകാനുള്ള സമ്മൻസ് ലഭിച്ച ശേഷവും ഹാജരാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1)20.12.2016 ലെ 1068103(3)/ ഡി.എ 2/2016- തസ്വഭവ സർക്കുലർ നമ്പർ.

2)17195/2018 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 18.06.2018 ലെ ഉത്തരവ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷികളാക്കി ഫയൽ ചെയ്യപ്പെടുന്ന റിട്ട് പെറ്റീഷനുകളിൽ എതിർ വാദം നടത്തുന്നതിന് പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു സ്റ്റാന്റിംഗ് കൗൺസലിനെ ചുമതലയേല്പിക്കുകയോ അല്ലെങ്കിൽ ബഹു. ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന അഡ്വക്കേറ്റ് മുഖേന റിട്ട് പെറ്റീഷനുകൾ പരിഗണിക്കുമ്പോൾ അവരുടെ വാദം ഉന്നയിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചുമതലയേൽപ്പിച്ചവർ ഹാജരാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ സൂചന ( 1) സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മേൽ നിർദേശം തദ്ദേശ്ശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി മാർ പാലിക്കുന്നില്ല യെന്നും ആയതിനാൽ ബഹു. ഹൈക്കോടതി മുമ്പാകെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷിയാക്കി ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ, കോടതിയിൽ ഹാജരാകാനുള്ള സമ്മൻസ് ലഭിച്ച ശേഷവും ഹാജരാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കെതിരെ ശിക്ഷ നടപടികൾ സ്വീകരിക്കണം എന്ന് സൂചന ( 2) പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (1) സർക്കുലറിലെ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നതോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർ കക്ഷികളാക്കി ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ കോടതിയിൽ ഹാജരാകാനുള്ള സമ്മൻസ് ലഭിച്ച ശേഷവും ഹാജരാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കെതിരെ വകുപ്പ്തല ശിക്ഷാ നടപടികൾ സ്വീകരിച്ച സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദേശിക്കുന്നു.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ,എറണാകുളം(ആമുഖ കത്ത് മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.,തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ വകുപ്പുകൾക്കും.

ഡയറക്ടർ, ഐ & പി. ആർ. ഡി/വെബ് ആൻഡ് ന്യൂമീഡിയ
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

**<u>പകർപ്പ്-</u>** തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ്ഓഫീസർ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ